LIBRARY ARCHIVES Kerala Legislative Assembly

തസ്തിക വെട്ടിക്കുറയ്ക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ

16 [724] ശ്രീ. ടി. കെ. ബാലൻ:
" കെ. കെ. ജയചന്ദ്രൻ:
" കെ. വി. കുഞ്ഞിരാമൻ:
" വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നായി എത്ര തസ്തികകൾ വെട്ടിക്കുറച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ ഡിപ്പാർട്ടുമെന്റിൽനിന്നും കുറവ് ചെയ്ത തസ്തികകളുടെ വിശദാംശങ്ങൾ തരംതിരിച്ച് വെളിപ്പെടുത്തുമോ;

(സി) തസ്തിക വെട്ടിക്കുറയ്ക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഡി) തസ്തിക വെട്ടിക്കുറച്ച നടപടി പല വകുപ്പുകളുടെയും പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ തസ്തിക വെട്ടിക്കുറയ്ക്കൽ നടപടി ഉപേക്ഷിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 19-11-2003-ലെ സ.ഉ.(പി) നം. 34/03/ പി. ആന്റ് എ.ആർ.ഡി. പ്രകാരം 3,570 അധിക തസ്തികകൾ വിവിധ വകുപ്പുകളിലായി വെട്ടിക്കുറച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) സർക്കാർ സർവ്വീസിലെ അധിക തസ്തികകൾ കണ്ടെത്തുന്നതിന് രൂപീകൃതമായ സെക്രട്ടറിമാരുടെ കമ്മിറ്റി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും, വകുപ്പ് അദ്ധ്യക്ഷൻമാരുമായി കൂടിയാലോചിച്ചും കൂടാതെ ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുമായി സെക്രട്ടറിമാരും, വകുപ്പദ്ധ്യക്ഷൻമാരും കൂടിയാലോചിച്ചുമാണ് വിവിധ വകുപ്പുകളിൽ അധികമായിട്ടുള്ള തസ്തികകൾ കണ്ടെത്തിയത്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

സിവിൽ സർവ്വീസിൽ അധികമുള്ള തസ്തികകൾ

17 [T 725] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സംസ്ഥാനത്ത് സിവിൽ സർവ്വീസിൽ ആകെ എത്ര തസ്തികകളാണ് അധികമുണ്ടെന്ന് കണ്ടെത്തിയിട്ടുള്ളത്;

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) അവയിൽ ആകെ എത്ര തസ്തികകൾ നിർത്തലാക്കി ഉത്തരവായിട്ടുണ്ട്;

(സി) ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) 17,195 തസ്തികകൾ വിവിധ വകുപ്പുകളിൽ അധികമുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) 19-11-2003-ലെ സ.ഉ.(പി) നമ്പർ 34/03 പി. ആന്റ് എ. ആർ. ഡി. പ്രകാരം 3,570 തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

റിട്ടയർ ചെയ്തവരുടെ കണക്ക്

18 [726] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിൽനിന്നും റിട്ടയർ ചെയ്തവരെത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ഇപ്രകാരം എത്ര വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

പെൻഷനുശേഷം പുനർനിയമനം ലഭിച്ചവരുടെ കണക്ക്

19 [727] ശ്രീ. കോവൂർ കുഞ്ഞുമോൻ:
,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെൻഷൻ പറ്റിയ എത്രപേർക്ക് പുനർനിയമനം നൽകി എന്നും, എത്ര പേർക്ക് കാലാവധി നീട്ടിക്കൊടുത്തു എന്നും വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വകുപ്പുകളിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ പ്രോജക്ടുകളിലുമായി എത്ര പേർക്ക് ഏതെല്ലാം തസ്തികകളിൽ പുനർനിയമനം നൽകി എന്ന് വെളിപ്പെടുത്തുന്ന ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly